**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം- 695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

## വിജ്ഞാപനം

## കീം 2024

## എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ ഓൺലൈൻ സമർപ്പണം

2024 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ, അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ് ടു/തത്തുല്യം) രണ്ടാം വർഷത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവരുടെ കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും, കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവരുടെ ബയോടെക്നോളജിയുടെയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവരുടെ ബയോളജിയുടെയും മാർക്ക് പരിഗണിക്കുന്നതാണ്. ഇപ്രകാരം സമർപ്പിച്ച മാർക്ക്/ഗ്രേഡിന് തുല്യമായ മാർക്ക് കീം 2024 പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (b) പ്രകാരം സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയയ്ക്ക് വിധേയമാക്കിയ ശേഷമാണ് 2024 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന്

**30.06.2024 വൈകുന്നേരം 3.00 മണി വരെ** വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. മേൽ പറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2024 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള 'KEAM 2024-Canddiate Portal' എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം 'Mark Submission for Engg' എന്ന മെനു ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് സമർപ്പിക്കാവുന്നതാണ്. യോഗ്യതാ പരീക്ഷ പാസ്സായ ബോർഡ്, വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് വെബ്പേജിൽ ദൃശ്യമാകുന്നതാണ്. വെബ്പേജിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റുമായി താരതമ്യം ചെയ്ത് ശരിയാണോ എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം തിരുത്തലുകൾ ആവശ്യമില്ലെങ്കിൽ 'Submit Mark data' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് മാർക്ക് സമർപ്പിക്കേണ്ടതാണ്. തിരുത്തലുകൾ ആവശ്യമില്ലാത്ത വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യേണ്ടതില്ല.

വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റിലുള്ളതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ 'Change' ബട്ടൺ ക്ലിക്ക് ചെയ്ത് ശരിയായ മാർക്ക് വിവരങ്ങൾ രേഖപ്പെടുത്തിയതിനുശേഷം 'Submit mark Data' ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷാബോർഡുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലാത്ത പക്ഷം വിദ്യാർത്ഥികൾ അവരവരുടെ ബോർഡ്, പാസായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ

രേഖപ്പെടുത്തുമ്പോൾ ദൃശ്യമാകുന്ന പേജിൽ ബന്ധപ്പെട്ട വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ വെബ് സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി **'**Submit Mark Data**'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. വെബ്പേജിൽ കാണിച്ചിരുന്ന മാർക്കിൽ തിരുത്തലുകൾ വരുത്തേണ്ടി വന്ന വിദ്യാർത്ഥികളും, ബോർഡ് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ രേഖപ്പെടുത്തേണ്ടിവന്നവരും മാർക്കുകൾ സമർപ്പിക്കുന്നതിനോടൊപ്പം പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയുടെ മാർക്ക് ലിസ്റ്റ് (PDF **ഫോർമാറ്റിലുള്ളത്)** അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകമില്ലാത്തതുമായിരിക്കണം.

**<u>മാർക്ക് സബ്മിഷൻ കൺഫർമേഷൻ റിപ്പോർട്ട്</u>**

യോഗ്യതാപരീക്ഷയിലെ മാർക്കുകൾ വിജയകരമായി സമർപ്പിച്ചതിനുശേഷം **'**Mark Submission Confirmation Report**'** ഡൗൺലോഡ് ചെയ്ത് സോഫ്റ്റ് കോപ്പിയായോ, ഹാർഡ് കോപ്പിയായോ വിദ്യാർത്ഥികൾ സൂക്ഷിക്കേണ്ടതാണ്. വെബ്പേജിൽ കാണിച്ചിരുന്ന മാർക്കിൽ തിരുത്തലുകൾ വരുത്തേണ്ടിവന്ന വിദ്യാർത്ഥികളും ബോർഡ് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ രേഖപ്പെടുത്തേണ്ടി വന്നവരും പ്ലസ്ടു മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ **'**Mark Submission Confirmation Report**'** ലഭ്യമാകുകയുള്ളൂ. Mark Submission Confirmation Report/ **പ്ലസ്ടു മാർക്ക്ഷീറ്റ്** എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് അയക്കാൻ പാടുള്ളതല്ല.

***<u>എഞ്ചിനീയറിംഗ് റാങ്ക് തയ്യാറാക്കുന്നതിനായി അപേക്ഷകൻ സമർപ്പിക്കുന്ന പ്ലസ്ടു മാർക്ക്, പരീക്ഷാ ബോർഡ്, ഓരോ വിഷയത്തിനും ലഭിച്ച മാർക്ക്, പരമാവധി മാർക്ക്, ഓരോ വിഷയവും പാസായ വർഷം എന്നിവ അഡ്മിഷൻ സമയത്ത് പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.</u>***

<u>കുറിപ്പ്</u>

പ്രവേശന പരീക്ഷാ കമ്മീഷണർ 2024 **ജൂൺ 5 മുതൽ 9 വരെ** നടത്തിയ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് യോഗ്യത നേടിയ വിദ്യാർത്ഥികൾക്കും, പോർട്ടലിൽ "യോഗ്യത സ്ക്രീനിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായിരിക്കും" എന്ന സന്ദേശം ലഭിച്ച വിദ്യാർ ത്ഥികൾ ക്കും മാർ ക്ക് സമർപ്പിക്കാവുന്നതാണ്. എന്നാൽ പ്രോസ്പെക്ടസ് ക്ലോസ് 9.7.5 (i) പ്രകാരം പ്രവേശന പരീക്ഷയ്ക്ക് നിശ്ചിത യോഗ്യത നേടുന്നവരെ മാത്രം ഉൾപ്പെടുത്തിയായിരിക്കും എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. പ്രോസ്പെക്ടസ് ക്ലോസ് 9.7.4 പ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉൾപ്പെടുകയും ക്ലോസ് 6 പ്രകാരം നിശ്ചിത യോഗ്യത നേടുകയും ചെയ്തവർക്ക് മാത്രമായിരിക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നത്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Sudhir K
Date: 27-06-2024 18:17:39

**സുധീർ കെ IAS**
**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27-06-2024